I.ഇ.ബി. XIIകേരള നിയമസഭ/XI-1

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂൺ 22, തിങ്കൾ

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2009 ജൂൺ മാസം 22-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ഗവർണ്ണറുടെ സന്ദേശം**

2009 ഫെബ്രുവരി മാസം 19-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ സന്ദേശം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**അറിയിപ്പ്**

കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രൊഫ. കെ.വി.തോമസ് 2009 മേയ് മാസം 27-ാം തീയതിയും ശ്രീ. കെ. സുധാകരനും ശ്രീ. കെ. സി.. വേണുഗോപാലും 2009 മേയ് മാസം 28-ാം തീയതിയും കേരള നിയമസഭയുടെ അവരവരുടെ സ്ഥാനങ്ങൾ രാജിവച്ച വിവരം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**അടിയന്തിരപ്രമേയം**

<u>സംസ്ഥാനത്തെ ഭരണസ്തംഭനം</u>

<u>മി. സ്പീക്കർ</u> : മുഖ്യമന്ത്രിയും സഹമന്ത്രിമാരും നടത്തുന്ന പരസ്പര വിരുദ്ധമായ പരസ്യ പ്രസ്താവനകളും കൂട്ടുത്തരവാദിത്വം ഇല്ലാത്ത നിലപാടുകളുംമൂലം സംസ്ഥാനത്തുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ ഭരണസ്തംഭനത്തെപ്പറ്റി സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, കെ. എം. മാണി, സി. ടി. അഹമ്മദ് അലി, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> അടിയന്തിരപ്രമേയ നോട്ടീസിൽ ഉന്നയിച്ച ആക്ഷേപങ്ങൾ തികച്ചും അടിസ്ഥാനരഹിതവും ചില പത്രമാധ്യമങ്ങളിൽ വന്ന വാർത്തകളെ ആസ്പദമാക്കിയുള്ളതുമാണ്. സംസ്ഥാന മന്ത്രിസഭ കൂട്ടുത്തരവാദിത്വത്തോടെയാണ് പ്രവർത്തിക്കുന്നത്. മന്ത്രിസഭയിൽ നിക്ഷിപ്തമായ ഭരണപരമായ എല്ലാ ഉത്തരവാദിത്വവും യഥാവിധി തടസ്സമില്ലാതെ നിർവ്വഹിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ പുരോഗതിക്കും ജനങ്ങളുടെ ക്ഷേമത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ഭരണ നടപടികളുമായാണ് സർക്കാർ മുന്നോട്ടു പോകുന്നത്. ഇതിനെ തകർക്കാൻ പ്രതിപക്ഷവും ചില മാധ്യമങ്ങളും നിരന്തരം അപവാദ പ്രചരണം നടത്തുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സംസ്ഥാന ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം തകർന്നില്ലെന്ന് പറയുന്നത് ശരിയല്ല സംസ്ഥാനത്ത് കൂട്ടുത്തരവാദിത്വ ലംഘനമാണ് നടക്കുന്നതെന്നും ഗവർണ്ണർ ഇടപെടണ

മെന്നും ജസ്റ്റിസ് വി. ആർ കൃഷ്ണയ്യരും പറഞ്ഞിരിക്കുന്നു. എസ്.എൻ. സി. ലാവ്ലിൻ കേസ് സംബന്ധിച്ച് ഗവർണ്ണർ പ്രോസിക്യൂഷന് അനുമതി നൽകിയത് അത് ഭരണഘടനാ ലംഘനമാണെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞപ്പോൾ ഗവർണ്ണർ സ്വീകരിച്ച നടപടി അദ്ദേഹത്തിന്റെ വിവേചനാധികാരത്തോടുകൂടിയുള്ളതാണെന്നും മറ്റ് സംസ്ഥാനങ്ങളിൽ ഇതുപോലുള്ള നടപടികൾ ഉണ്ടാവുകയും അത് സുപ്രീംകോടതിപോലും അംഗീകരിച്ചിട്ടുണ്ടെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്. മുഖ്യമന്ത്രി സ്വീകരിക്കുന്ന നിലപാടുകളെ മന്ത്രിമാർ വിമർശിക്കുന്നതുവഴി മന്ത്രിസഭയുടെ കളക്ടീവ് റെസ്പോൺസിബിലിറ്റി നഷ്ടപ്പെട്ടിരിക്കുകയാണ്. ഗവർണ്ണറുടെ തീരുമാനത്തെ ചോദ്യം ചെയ്യാൻ പാടില്ലെന്ന് ഭരണഘടനയിൽ വ്യക്തമായി പറഞ്ഞിരിക്കെ ഗവർണ്ണർക്കെതിരെ ആഭ്യന്തര വകുപ്പുമന്ത്രി പ്രസ്താവന നടത്തിയ സാഹചര്യത്തിൽ ഈ മന്ത്രിസഭ തുടരുന്നതിൽ യാതൊരർത്ഥവുമില്ല. ഭൂരിപക്ഷം മന്ത്രിമാരും മുഖ്യമന്ത്രിയെ മാറ്റണമെന്ന് ആവശ്യപ്പെടുമ്പോൾ മുഖ്യമന്ത്രി തുടരുന്നതിൽ യാതൊരു ന്യായവുമില്ല. പാർലമെന്ററി ജനാധിപത്യത്തോട് കൂറുണ്ടെങ്കിൽ ഭരണഘടനാവിരുദ്ധമായ പ്രസ്താവനകളിറക്കുന്ന മന്ത്രിമാർ രാജിവയ്ക്കണം. അതു ചെയ്യാത്ത മന്ത്രിമാരെ പുറത്താക്കാൻ ഗവർണ്ണറോട് മുഖ്യമന്ത്രി ശുപാർശ ചെയ്യണം. അല്ലെങ്കിൽ മുഖ്യമന്ത്രി രാജിവച്ച് പുറത്ത് പോകണം. ഈ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇവിടെ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് വിശദമായി മറുപടി പറഞ്ഞുകഴിഞ്ഞു. യാതൊരു അടിസ്ഥാനവുമില്ലാത്ത വിഷയത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : ആഭ്യന്തര വകുപ്പുമന്ത്രി സംസ്ഥാന ഭരണത്തലവനെ അതിരൂക്ഷമായി വിമർശിക്കുകവഴി ഭരണ ഘടനാ ലംഘനവും സംസ്ഥാന മന്ത്രിമാരും മുഖ്യമന്ത്രിയും പരസ്പരം തള്ളിപ്പറയുകവഴി ഭരണസ്തംഭനവും ഉണ്ടായിരിക്കുകയാണ്. ഇൻഡ്യൻ ജനാധിപത്യ വ്യവസ്ഥിതി അനുസരിച്ച് നയപരമായ കാര്യങ്ങളിൽപ്പോലും പ്രധാനമന്ത്രിയേയോ മുഖ്യമന്ത്രിയേയോ മറ്റു മന്ത്രിമാർ വിമർശിക്കാൻ പാടില്ല. വിയോജിപ്പുള്ള മന്ത്രിമാർ സ്വയം രാജിവച്ച് പോവുകയാണ് വേണ്ടത്. വ്യക്തിപരമായ കാര്യങ്ങളിൽപോലും മുഖ്യമന്ത്രിയെ വിമർശിച്ചുകൊണ്ടിരി ക്കുന്ന സ്ഥിതി സംസ്ഥാനത്ത് തുടരാൻ പാടില്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരം വിട്ടൊഴിയുന്നതുവരെ പണി നടന്നുകൊണ്ടിരുന്ന തലസ്ഥാന നഗര വികസന പദ്ധതി 6 മാസത്തെ കാലാവധി നീട്ടിക്കൊടുത്താൽ അതേ തുകയ്ക്ക് പൂർത്തിയാക്കാമെന്ന് കരാറുകാർ സമ്മതിച്ചുവെങ്കിലും ഗവൺമെന്റിന്റെ കാര്യക്ഷമതയില്ലായ്മകൊണ്ട് പദ്ധതി നിലച്ചതിനാൽ 125 കോടി രൂപ കൊടുക്കാൻ ആർബിട്രേഷൻ വിധി വന്നിരിക്കുകയാണ്. സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. 500 കോടി രൂപ വിലമതിക്കുന്ന ഭൂമി വെറും 7 കോടി 57 ലക്ഷം രൂപയ്ക്ക് സ്മാർട്ട് സിറ്റിക്ക് വിട്ടുകൊടുത്തതിനാൽ ഖജനാവിന് കോടിക്കണക്കിന് രൂപ യുടെ നഷ്ടം സംഭവിച്ചിരിക്കുന്നു. മുഖ്യമന്ത്രിക്കെതിരെ പരസ്യമായി പ്രസ്താവനയിറക്കുന്ന മന്ത്രിമാരെ പുറത്താക്കുകയോ മുഖ്യമന്ത്രി സ്വയം രാജി വച്ചൊഴിയുകയോ ചെയ്താലേ ജനാധിപത്യ വ്യവസ്ഥിതി വിജയകര മായി ഉയർത്തിപ്പിടിക്കാൻ സാധിക്കുകയുള്ളൂ. ഇവിടെ കൂട്ടുത്തരവാദിത്വം

നഷ്ടപ്പെട്ടതിലൂടെ ഗവൺമെന്റിന് എല്ലാ രംഗത്തും പരാജയം സംഭവിച്ചിരിക്കുകയാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

(പ്രസ്തുത പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനു മുമ്പിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റിലേയ്ക്ക് മടങ്ങിപ്പോകുകയും സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു.)

(ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

**മേശപ്പുറത്തുവച്ച കടലാസ്സുകൾ:**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ X വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം നിയമസഭയിൽ വരുമ്പോൾ വിശദമായി ചർച്ച ചെയ്യാം.

ശ്രീ. പള്ളിപ്രം ബാലൻ: 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-7-2009-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സാജു പോൾ: 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: 2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 10.11-ന് പിരിഞ്ഞു.

.............